KOLO SURYOYO

ST. MARYíS YOUTH ASSOCIATION MANARCAD

Vol. 4 Issue : 5 June 2011

Web: www.stmarysyouthmanarcad.org
www.syrianchurch.org/Kolosuryoyo.htm (internet edition)

# പൊതുവാർഷികം നടത്തി



മണർകാട്: വി. മർത്തമറിയാം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സൺഡേ സ്കൂളുകളുടെയും ആഭിമുഖ്യത്തിൽ പൊതുവാർഷികം മെയ് 29-ന് നടത്തി. ക്നാനായ ഇടവകയുടെ റാന്നി മേഖലാ മെത്രാപ്പോലീത്താ അഭി. കുര്യാക്കോസ് മോർ ഈവാനിയോസ് യോഗം ഉദ്ഘാടനം ചെയ്തു. മണർകാട് പള്ളിയിലെ ആത്മീയ പ്രസ്ഥാനങ്ങളിൽ പ്രഥമ സ്ഥാനം അലങ്കരിക്കുന്ന സണ്ടേസ്കൂൾ പ്രസ്ഥാനം ഈ ഇടവകയ്ക്ക് അഭിമാനമാണ്. പ്രതിഫലേച്ഛയില്ലാതെ ഇതിൽ പ്രവർത്തിക്കുന്ന അധ്യാപകരെ എത്രകണ്ട് അഭിനന്ദിച്ചാലും അത് അധികമാവില്ല. ഉത്തമ പൗരന്മാരെ വാർത്തെടുക്കുന്നതിൽ സണ്ടേസ്കൂൾ അധ്യാപകർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കുട്ടികളെ പ്രാർത്ഥന പഠിപ്പിക്കുന്ന കാര്യത്തിലും സഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ ഉത്സാഹമുള്ളവരുമായി വളർത്തുന്നതിലും മാതാപിതാക്കൾ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നുവെന്നും അഭിവന്ദ്യ തിരുമേനി ഉദ്ബോധിപ്പിച്ചു.

ഒരു മെത്രാപ്പോലീത്തയായി സഭയെ ശുശ്രൂഷിക്കുന്നുവെങ്കിലും തന്റെ ആത്മീയ പ്രവർത്തനങ്ങളുടെ ആരംഭം സണ്ടേസ്കൂൾ വിദ്യാഭ്യാസമായിരുന്നുവെന്നും തന്നെ പഠിപ്പിച്ച സണ്ടേസ്കൂൾ അധ്യാപകരോട് ഏറെ ആദരവുണ്ടെന്നും അഭിവന്ദ്യ തിരുമേനി ഓർമിപ്പിക്കുകയുണ്ടായി.

ഒരു ഇടവകയുടെ കീഴിൽ 16 സണ്ടേസ്കൂളുകൾ പ്രവർത്തിക്കുന്ന ഒരു ദൈവാലയവും മലങ്കര സഭയിൽ ഇല്ല. പതിനാറ് സണ്ടേസ്കൂളുകളിലായി ഏതാണ്ട് ആയിരത്തി അഞ്ഞൂറിൽപരം വിദ്യാർത്ഥികളും മൂന്നൂറോളം അധ്യാപകരുമുള്ള വലിയ പ്രസ്ഥാനമാണ് മണർകാട് പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന സണ്ടേസ്കൂൾ പ്രസ്ഥാനം ഏതാണ്ട് നൂറുവർഷം മുൻപ് കരോട്ടെ പള്ളിയുടെ വരാന്തയിൽ നൂറിൽ താഴെ വിദ്യാർത്ഥികളുമായി ആരംഭിച്ച സണ്ടേസ്കൂൾ ഇന്ന് പള്ളിയുടെ വിവിധ കരകളിൽ അനേക വിദ്യാർത്ഥികൾക്ക് സുവിശേഷം വെളിച്ചം നൽകുന്ന കേന്ദ്രങ്ങളായി നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഈ പ്രസ്ഥാനത്തിലൂടെ അനേകർ വൈദീകശുശ്രൂഷയിലേക്ക് കടന്നുവന്നിട്ടുണ്ട്.

യോഗത്തിൽ കോർ എപ്പിസ്ക്കോപ്പാ സ്ഥാനം ലഭിച്ച മണർകാട് പള്ളി സഹവികാരി വന്ദ്യ ആൻഡ്രൂസ് ചിരവത്തറ കോർ എപ്പിസ്കോപ്പായെ അനുമോദിച്ചു. സണ്ടേസ്കൂൾ പ്രസ്ഥാനത്തിൽ വന്ദ്യ കോർഎപ്പിസ്കോപ്പാ അച്ചൻ ചെയ്ത ശ്രേഷ്ഠമേറിയ ശുശ്രൂഷകളെ അനുസ്മരിയ്ക്കുകയുണ്ടായി. സണ്ടേസ്കൂൾ അധ്യാപകൻ, ഹെഡ്മാസ്റ്റർ, മണർകാട് ഡിസ്ട്രിക്ട് ഇൻസ്പെക്ടർ, കോട്ടയം ഭദ്രാസന ഡയറക്ടർ എന്നീ വിവിധ നിലകളിൽ അച്ചൻ ചെയ്ത സേവനങ്ങളെ അഭിവന്ദ്യ തിരുമനസ്സുകൊണ്ട് പ്രത്യേകം ശ്ലാഘിച്ചു. സണ്ടേ

*(ശേഷം പേജ് 7-ൽ)*

# ഭൂമിയ്ക്കൊരു തണൽ പദ്ധതി ആരംഭിച്ചു



*യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടത്തിയ ഭൂമിക്കൊരു തണൽ പദ്ധതിയുടെ ഉദ്ഘാടനം വൃക്ഷത്തൈനട്ടുകൊണ്ട് യൂത്ത് അസോസിയേഷൻ പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിൽ നിർവ്വഹിക്കുന്നു.*

# വിദ്യാരംഭധ്യാനം



*മണർകാട് സെന്റ് മേരീസ് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ വിദ്യാരംഭധ്യാനത്തിൽ ബി.സി.എം. കോളേജ് പ്രൊഫ. റവ. സിസ്റ്റർ ബെറ്റ്സി ക്ലാസ്സ് നയിക്കുന്നു. റവ. ഫാ. കുറിയാക്കോസ് കാലായിൽ സമീപം.*

# പരിസ്ഥിതി: സഭയുടെ ധർമ്മം

**ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത**



പരിസ്ഥിതി ഇന്ന് അസന്തുലിതമാണ്. സമഗ്രത നഷ്ടപ്പെട്ട സൃഷ്ടി പുതുക്കം തേടുന്നു. ഭൂമി ഇന്ന് മരണാസന്നയാണ്. ഉർവ്വരതയ്ക്ക് പകരം എവിടെയും ഊഷരത. പാടങ്ങളും കൃഷിയിടങ്ങളും ഇന്ന് നന്നേ വിരളമായി. കൂറ്റൻ വ്യവസായ സ്ഥാപനങ്ങളും വികസന പദ്ധതികളും അവിടെ സ്ഥാനം പിടിച്ചിരിക്കുന്നു. കേരളം പരിസ്ഥിതിയ്ക്ക് ദോഷകരമായ റബ്ബറിന്റെ നാടായി. ആണവ നിലയങ്ങൾ മനുഷ്യന്റേയും പ്രകൃതിയുടേയും നിലനിൽപ്പിന് ഭീഷണിയാകുന്നു. അപകടപൂർണ്ണങ്ങളായ വൻകിട അണക്കെട്ടുകൾ (ഉദാഹരണം: തെഹ്രി അണക്കെട്ട്) നാം വീണ്ടും സൃഷ്ടിക്കുന്നു. നമ്മുടെ തീരപ്രദേശങ്ങൾ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. തീരപ്രദേശങ്ങൾ നികത്തി കെട്ടിടങ്ങളും മറ്റും വയ്ക്കുവാനുള്ള കുത്തകനീക്കങ്ങൾ തീരദേശ പരിപാലന നിയമത്തിന് തുരങ്കം വയ്ക്കുന്നു. അനിയന്ത്രിതമായ ട്രോളിംഗ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഭീഷണിയാകുന്നു. വായു, ജലം, ഭൂമി എല്ലാം ഇന്ന് മലിനമാണ്. ഭൂമിയിൽ ലയിച്ചു ചേരാത്ത പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം നാം അറിഞ്ഞുകൊണ്ടുതന്നെ പ്രോത്സാഹിപ്പിക്കുന്നു. അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡിന്റെ അളവ് കൂടുന്നതുമൂലം അന്തരീക്ഷ താപനില ക്രമാതീതമായി ഉയരുന്നു. ഗ്രീൻഹൗസ് ഇഫക്റ്റ് എന്ന ഈ പ്രതിഭാസം ഇങ്ങനെ തുടർന്നാൽ ഭൂമിയിലുള്ള ജീവിതം ഭാവി തലമുറയ്ക്ക് ദുസ്സഹമാകും. താപനില ഉയരുമ്പോൾ, സമുദ്രനിരപ്പും ഉയർന്ന് താഴ്ന്ന് കിടക്കുന്ന സ്ഥലങ്ങൾ വെള്ളത്തിനടയിലാകും. ഏറ്റവും ശുദ്ധമായ ജലം എന്നു വിചാരിച്ചുപോന്ന മഴവെള്ളത്തിൽ അമ്ലാംശം കലർന്നിരിക്കുന്നു(അമ്ലമഴ). സൂര്യന്റെ കഠനരശ്മികളിൽനിന്ന് നമ്മെ രക്ഷിക്കേണ്ട ഓസോൺ പാളികൾക്ക് വിള്ളൽ വീണിരിക്കുന്നു. പരിസ്ഥിതിനാശത്തിന്റെ ഒരു ഏകദേശ ചിത്രമാണിത്.

**പരിസ്ഥിതിനാശത്തിന്റെ അടിസ്ഥാന കാരണങ്ങൾ രണ്ടാണ്.**

1. ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള മുതലാളിത്ത വികസന സങ്കല്പം. വികസനത്തിന് കൂടുതൽ ഉല്പാദിപ്പിക്കണം. ഉല്പാദനത്തിന് പ്രകൃതിയെ എങ്ങനെയും ചൂഷണം ചെയ്യണം എന്ന ചിന്തയാണിവിടെ (പരമ്പരാഗത മാർക്സിറ്റ് വികസന സങ്കല്പവും പ്രകൃതിയെ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നതിന് അനുകൂലമാണ്.)

2. ശാസ്ത്ര സാങ്കേതിക വിദ്യയോടുള്ള അമിതാശ്രയത്വം. ശാസ്ത്രത്തിന്റേയും സാങ്കേതിക വിദ്യയുടെയും കണ്ണിൽ എല്ലാം ഉപകരണങ്ങൾ മാത്രം.

വേദപുസ്തകത്തിൽ ഭൂമിയെ കീഴടക്കുവാൻ ദൈവം മനുഷ്യന് നൽകിയ അധികാരം (ഉല്പ. 1:28). പ്രകൃതിയെ എങ്ങനെയും ചൂഷണം ചെയ്യുവാനുള്ള ലൈസൻസായി വ്യാഖ്യാനിച്ചു പരമ്പരാഗത പടിഞ്ഞാറൻ ദൈവശാസ്ത്രങ്ങൾ. വേദപുസ്തകത്തിലെ ഈ മനുഷ്യകേന്ദ്രീകൃത ചിന്തയും ശാസ്ത്രസാങ്കേതിക വിദ്യയും ഒരുമിച്ച് ചേർന്നതാണ് ഇന്നത്തെ പരിസ്ഥിതി പ്രശ്നങ്ങളുടെ മതാടിത്തറ എന്ന് ലിൻവൈറ്റ് ആരോപിച്ചത് വളരെ ചർച്ചകൾക്ക് തുടക്കം നൽകി. സൃഷ്ടിവിവരണത്തിലെ ഈ ചിന്തയുടെ പശ്ചാത്തലം നാം മനസ്സിലാക്കണം.

പ്രകൃതി ദൈവമാണ് എന്ന ചിന്ത നിലനിന്നിരുന്ന സാഹചര്യത്തിൽ യഹോവമാത്രമാണ് ദൈവം എന്ന സത്യം സ്ഥാപിക്കുവാൻ പ്രകൃതിയെയും ദൈവത്തേലും അല്പം വേർപെടുത്തി എന്നതാണ് സംഭവിച്ചത്. അതിനെ പ്രകൃതി ചൂഷണത്തിനുള്ള ദൈവികാനുവാദമായി വ്യാഖ്യാനിക്കുന്നത് വേദപുസ്തക പശ്ചാത്തലം മനസ്സിലാക്കാത്തിന്റെ ന്യൂനതയാണ്. വേദപുസ്തകത്തിൽ പ്രകൃതിയോടുള്ള കരുതൽ വളരെ പ്രകടമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം.

സൃഷ്ടിവിവരണം തന്നെ പഠിച്ചാൽ സൃഷ്ടിയോട് ദൈവത്തിനുള്ള കരുതൽ വ്യക്തമാകും. ആദ്യ സൃഷ്ടി വിവരണം 35 വാക്യങ്ങളിൽ ബൈബിൾ രേഖപ്പെടുത്തുന്നു (ഉല്പ. 1:1–2:4) ഇവയിൽ 5 വാക്യങ്ങൾ മാത്രമാണ് മനുഷ്യന്റെ സൃഷ്ടിയെക്കുറിച്ചുള്ളത്. 6 ദിവസം കൊണ്ടുള്ള സൃഷ്ടിപ്രക്രിയയിൽ അവസാന ദിവസമാണ് മനുഷ്യനെ സൃഷ്ടിക്കുന്നത്. ഇതിൽനിന്നും മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുൻപും ദൈവം ഇതര സൃഷ്ടികളുമായ് കൂട്ടായ്മയിൽ കഴിഞ്ഞു എന്നു വ്യക്തം. എല്ലാത്തിനെയും സൃഷ്ടിച്ചതിനുശേഷം നല്ലത് എന്ന് ദൈവം കണ്ടു. പ്രകൃതിക്ക് അതിൽതന്നെയുള്ള മൂല്യം ഇവിടെ ദൈവം പ്രഖ്യാപിക്കുകയാണ്.

ദൈവം നമ്മോടു വസിക്കുന്ന പ്രക്രിയയാണ് സൃഷ്ടി. ജീവന്റെ എല്ലാ തുടിപ്പുകളിലും ദൈവം നമ്മോടൊപ്പമുണ്ട്. മഴവെള്ളത്തിന്റെ ശുദ്ധിയിലും ഫലങ്ങളുടെ മധുരത്തിലും, കാറ്റിന്റെ ശാന്തതയിലും മരങ്ങളുടെയും സസ്യങ്ങളുടെയും ഹരിതമയിലും പുൽപ്പുറങ്ങളുടെ സൗന്ദര്യത്തിലും പൂക്കളുടെ വാസനയിലും എല്ലാം നാം ദൈവത്തിന്റെ മഹത്വം ദർശിക്കുന്നു. ദൈവം സൃഷ്ടിയാണ് എന്ന ചിന്തയല്ല, മറിച്ച് സൃഷ്ടിയിൽ ദൈവം എന്ന ചിന്തയാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. വെള്ളത്തിൻ മീതെ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചുകൊണ്ടിരിക്കുന്നു. (ഉല്പ. 1:10) എന്ന വാക്യത്തിലും സൃഷ്ടിയിലും ദൈവം എന്ന ആശയം അടങ്ങിയിരിക്കുന്നു.

ദൈവം ഭൂമിയെ സൃഷ്ടിച്ചു. ഭൂമിയെ ഒരു ദൈവശാസ്ത്ര പരിപ്രേക്ഷ്യമാക്കി. ദൈവം മനുഷ്യനായി വന്നത് ഭൂമിയിലാണ്. രക്ഷയുടെ സ്ഥലമാക്കി ഭൂമിയെ പരിവർത്തിപ്പിച്ചു. ഭൂമി ഒരു കൂദാശയാണ്. ഉല്പന്ന പെരുന്നാളുകളിൽ നാം ഭൂമിയെ ആഘോഷിക്കുകയാണ്. ഭൂമി എന്ന വാക്ക് ഉല്പത്തി പുസ്തകത്തിൽ ആദ്യ അദ്ധ്യായത്തിൽ 15 പ്രാവശ്യം കാണുന്നു. ദൈവ പദ്ധതിയിൽ ഭൂമിക്ക് പ്രത്യേക സ്ഥാനമുണ്ട് എന്ന് വ്യക്തം. യേശുക്രിസ്തുവിൽ ദൈവം തന്റെ രാജ്യം ഉദ്ഘാടനം ചെയ്തത് ഭൂമിയിലാണ്. അത് പൂർത്തീകരിക്കപ്പെടുമ്പോൾ ഇത് ഒരു പുതിയ ഭൂമി ആയിത്തീരും. ഫാ. സാമുവേൽ റായൻ പറയുന്നതുപോലെ സൃഷ്ടിവിവരണത്തിൽ ഭൂമി ദൈവത്തിന്റെ മകളാണ്. ഒരു ജന്മദിനാഘോഷത്തിന്റെ പ്രതീതിയാണ് സൃഷ്ടി വിവരണം ജനിപ്പിക്കുന്നത് ദൈവം നമ്മോടു സംസാരിക്കുന്ന മാദ്ധ്യമമാണ് ഭൂമി എന്ന പുത്രി. ദൈവത്തിനും ലോകത്തിനും മദ്ധ്യേ മനുഷ്യൻ മദ്ധ്യവർത്തിയാണ്. ദൈവത്തെയും ലോകത്തെയും നിറപ്പിക്കുന്ന ക്രിസ്തുവിൽ മനുഷ്യൻ ഒന്നാകുന്നു.

ഭൂമിയും അതിന്റെ പൂർണ്ണതയും യഹോവയ്ക്കുള്ളതാണ് എന്ന് സങ്കീർത്തനക്കാരൻ പറയുന്നു (24:1). ഇതിൽനിന്നും ഭൂമിയുടെ ഉടമസ്ഥാവകാശം ദൈവത്തിനാണെന്നും മനുഷ്യൻ ഭൂമിയുടെ ഭൃത്യൻ ആണെന്നും വ്യക്തമാകുന്നു. ഈ അർത്ഥത്തിലാണ് ദൈവം ആദ്യമനുഷ്യർക്ക് തോട്ടം കാപ്പാനും സൂക്ഷിപ്പാനും (ഉല്പ. 2:16) ചുമതല നൽകുന്നത്. നിന്റെ ദൈവമായ യഹോവ നിനക്ക് അവകാശമായി തരുന്ന ദേശം നീ പാപം മൂലം മലിനമാക്കരുത് (ഞവ. 24:4). ഇതിൽനിന്നും ഭൂമിയെ മലിനമാക്കുന്നത് പാപമാകുന്നു എന്ന് മനസ്സിലാക്കാം. ഭൂമിയെ സംരക്ഷിക്കുക എന്നതത്രെ മനുഷ്യ ധർമ്മം.

ഭൂമിയും അതിന്റെ പൂർണ്ണതയും യഹോവയ്ക്കുള്ളത് എങ്കിലും ഭൂമിയും അതിന്റെ വിഭവങ്ങളും എല്ലാവർക്കും തുല്യമായി അവകാശപ്പെട്ടതാണ്. എന്നാൽ, വിഭവങ്ങളുടെ സിംഹഭാഗവും ഇന്ന് സമൂഹത്തിലെ ന്യൂനപക്ഷമായ സമ്പന്നവർഗ്ഗത്തിന്റെ കൈവശമാണ്. അടിസ്ഥാന സമൂഹങ്ങളുടെ, പ്രത്യേകിച്ച്, ആദിവാസികളുടെ ഭൂമിയിന്മേലുള്ള ഉടമസ്ഥാവകാശം സംരക്ഷിക്കുവാനുള്ള പ്രസ്ഥാനങ്ങളാണ് ഇന്ത്യയിലെ പ്രധാനപ്പെട്ട ജനകീയ പരിസ്ഥിതി സമരങ്ങൾ. സാമൂഹിക നീതിയും പരിസ്ഥിതി സംരക്ഷണവും ഇവിടെ ചേർന്നുപോകുന്നു. ദരിദ്രരോടും പ്രകൃതിയോടുമുള്ള ദൈവകരുതലാണ് ശാബത് ജൂബിലി വർഷം എന്നീ ആചാരങ്ങളിൽ നാം കാണുന്നത്. ഏഴാം സംവത്സരം നിലം വെറുതെ ഇടണം. ദരിദ്രർ അതിൽനിന്ന് അഹോവൃത്തി കഴിക്കണം എന്നാണ് ദൈവോദ്ദേശ്യം (പുറ. 23:10,11), ലേവ്യ 25:1–28) നിരന്തരമായ കൃഷിയും, ഏകോന്മുഖ കൃഷിയും നമ്മുടെ മണ്ണിന്റെ ഫലഭൂയിഷ്ഠി നഷ്ടമാക്കുന്ന സാഹചര്യത്തിൽ ശാബത് വർഷത്തിന്റെ പ്രസക്തി വലുതാണ്. ജൂബിലി വർഷത്തിൽ നിലം ഉടമസ്ഥന് തിരികെ കൊടുക്കുകയും കടം എഴുതിതള്ളുകയും ചെയ്യണം. (ഭാരതത്തിന്റെ സ്വാതന്ത്ര്യ ജൂബിലി വർഷത്തിൽ ആദിവാസികൾക്ക് നഷ്ടപ്പെട്ട ഭൂമി തിരികെ കൊടുക്കുവാനുള്ള ധാർമ്മിക ബാദ്ധ്യത വളരെ വലുതായിരുന്നു. പരിസ്ഥിതി പ്രശ്നങ്ങളുടെ പ്രധാന ഇരകൾ ദരിദ്രരും, ആദിവാസികളും, മത്സ്യത്തൊഴിലാളികളും, അവരുടെ സ്ത്രീജനങ്ങളും ആകുന്നു എന്നത് ഇന്ന് അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. അപ്പോൾ പരിസ്ഥിതിയുടെ സംരക്ഷണവും അടിസ്ഥാന സമൂഹങ്ങളുടെ വിമോചനവും പരസ്പരം ബന്ധപ്പെട്ടവയാണ്.

## അനുസ്മരണവും അനുമോദനവും

വെള്ളൂർ: അഭി. ബെന്യാമിൻ ജോസഫ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ഏഴാമത് ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് അമ്മവീട്ടിൽ അനുസ്മരണയോഗം സംഘടിപ്പിച്ചു. യോഗത്തിൽ കോർ എപ്പിസ്കോപ്പാ സ്ഥാനം ലഭിച്ച വെരി. റവ. ആൻഡ്രൂസ് കോർ എപ്പിസ്കോപ്പാ ചിരവത്തറ, വെരി. റവ. തോമസ് കെ. ഇട്ടി കോർ എപ്പിസ്കോപ്പാ കുന്നത്തയ്യാട്ട്, ഷെവ. ഫാ. ജോൺ പുന്ന മറ്റം എന്നിവരെ അനുമോദിക്കുകയും ചെയ്തു.

ഷെവ. ഫാ. ജോൺ പുന്നമറ്റം അനുസ്മരണ പ്രഭാഷണം നടത്തുകയും വെരി. റവ. കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ കിഴക്കേടത്ത് അനുമോദന പ്രസംഗം നടത്തുകയും ചെയ്തു. യോഗത്തിൽ റവ.ഫാ. എം. ഐ. തോമസ് മറ്റത്തിൽ, ശ്രീ എം. പി. ജോർജ് മംഗലത്ത്, കമാൻഡർ കെ. കെ. മാണി കിലോൽപറപ്പള്ളിൽ, റവ. ഡീക്കൻ ജിനു ജീസസ് കുരുവിള, എബി വർഗീസ് മുണ്ടാനിക്കൽ, അജു മാത്യു മുണ്ടയ്ക്കൽ, റ്റി. സി. തോമസ് തണ്ടാശ്ശേരിൽ എന്നിവർ പ്രസംഗിക്കുകയും നവാഭിഷിക്തരായ വൈദീകർ മറുപടി പ്രസംഗം നടത്തുകയും ചെയ്തു.

## അനുമോദനയോഗം

നവാഭിക്ഷിക്തനായ റവ. ഡീക്കൻ നിഥിൻ സി. ഗീവർഗീസ് വാലയിലിന് യൂത്ത് അസോസിയേഷൻ അനുമോദനം നൽകി. യോഗത്തിൽ യൂത്ത് അസോസിയേഷൻ പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിൽ അദ്ധ്യക്ഷത വഹിച്ചു. പത്താഴക്കുഴി സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ സുരേഷ് ജോൺ കൈപ്പള്ളിൽ അനുമോദന പ്രസംഗം നടത്തി. ഡീക്കൻ യൂത്ത് അസോസിയേഷൻ അംഗമാണ്.

## എഡിറ്റോറിയൽ

# നമുക്കൊരുക്കാം ഭൂമിക്കൊരു തണൽ

ദൈവം നമുക്ക് കനിഞ്ഞ് നൽകിയിരിക്കുന്ന വരദാനമാണ് നാം ഇപ്പോൾ വസിക്കുന്ന ഈ ഭൂമി. അതിനെ സംരക്ഷിക്കേണ്ടത് അതിൽ ജീവിക്കുന്ന ഏത് ജീവജാലങ്ങളുടെയും കടമയാണ്. പ്രകൃതിയെ ഏറ്റവുമധികം ചൂഷണം ചെയ്യുകയും അതിന്റെ വിഭവസമ്പത്ത് അനിയന്ത്രിതമായി ഉപയോഗിക്കുകയും ചെയ്യുന്ന നമുക്കാണ് അപ്പോൾ അവ നശിക്കാതെ സംരക്ഷിക്കുന്നതിന് ഏറ്റവുമധികം ബാധ്യതയുള്ളത്. സൃഷ്ടികർമ്മത്തിൽ ദൈവം അവസാനമാണ് മനുഷ്യനെ സൃഷ്ടിച്ചത്. അതായത് ഭൂമിയെയും അതിലെ സർവ്വചരാചരങ്ങളെയും അതിലെ സർവ്വവിഭവങ്ങളെയും സൃഷ്ടിച്ച് അതിന് അധിപനായി മനുഷ്യനെ ദൈവം നിയമിച്ചാക്കി. ദൈവം മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചത് തോട്ടത്തിൽ വേല ചെയ്യാനും അതിനെ കാപ്പാനും ആണെന്ന് വി. വേദപുസ്തകത്തിൽ നാം കാണുന്നു. നല്ലതുമാത്രം ഉള്ള ഒരു ലോകത്തേയ്ക്കാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചാക്കിയത് എന്ന് നാം മനസ്സിലാക്കണം. കൂടാതെ ഇപ്പോൾ ഭൂമിയിൽ ഉള്ള നല്ലത് അല്ലാത്തവയ്ക്ക് കാരണഭൂതൻ ആരെന്നും നാം ചിന്തിക്കണം. നല്ലതുമാത്രമുള്ള ലോകത്ത് മനുഷ്യൻ ജീവിക്കണമെന്ന് ആഗ്രഹിച്ച ദൈവം അങ്ങനെയുള്ള ഒരു ലോകത്താണ് മനുഷ്യനെ സൃഷ്ടിച്ചത് എന്നാൽ മനുഷ്യനിൽ ഉളവായ ദുഷ്പ്രവൃത്തികൾമൂലം ആ നല്ലവയെ ചീത്തയാക്കുവാൻ നാം ഇപ്പോൾ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നാം ജീവിയ്ക്കുന്ന ലോകവും ഈ പ്രകൃതിയും സംരക്ഷിക്കാൻ നാം ഇപ്പോഴെങ്കിലും ശ്രമിച്ചില്ലെങ്കിൽ പ്രകൃതി അതിന്റെ ഊഷരതയിലെത്തുകയും തന്മൂലം മനുഷ്യജീവൻ എന്നന്നേയ്ക്കും ഈ ഭൂമിയിൽനിന്നും അപ്രത്യക്ഷമാവുകയും ചെയ്യും.

ശാസ്ത്രത്തിന്റെ പുരോഗതിയും മനുഷ്യന്റെ കഴിവും ഉപയോഗിച്ച് അനേകം നിർമ്മാണ പ്രവർത്തനങ്ങളും മറ്റും ഭൂമിയിൽ നടക്കുന്നു. അനേകം നിലകളുള്ള ഒരു ഫ്ളാറ്റ് ഉയരാൻ ഇപ്പോൾ അധികം നാളുകൾ എടുക്കുകയില്ല എന്ന് നാം ചുറ്റും ഒന്ന് കണ്ണോടിച്ചാൽ നമുക്ക് മനസ്സിലാവും. ഒരു വിത്ത് ഭൂമിയിൽ നട്ടാൽ അത് മുളച്ച് വളർന്ന് ഒരു വൃക്ഷമായി തീരാൻ എത്രകാലങ്ങൾ എടുക്കും എന്ന് ഒന്ന് ചിന്തിച്ചുനോക്കൂ. അതിനാൽ മനുഷ്യൻ നിർമ്മിക്കുന്ന, നിമിഷം നേരം കൊണ്ട് ഉയരുന്ന കെട്ടിടങ്ങളെക്കാൾ അധികം ശ്രദ്ധ അവയ്ക്കുവേണം എന്ന് നാം മനസ്സിലാക്കണം. പ്രകൃതിയെ സംരക്ഷിക്കാൻ അതിന്റെ പച്ചപ്പ് നിലനിർത്താൻ നമുക്ക് ഒരുമിച്ച് കൈകോർത്ത് മുന്നിട്ടിറങ്ങാം. സഭകൾക്കും സമൂഹത്തിലെ ഓരോ അംഗങ്ങൾക്കും പ്രകൃതിയെ സംരക്ഷിച്ച് അതിനെ പരിപാലിച്ച് നിലനിർത്താൻ ഉത്തരവാദിത്വം ഉണ്ട്. സഭ നമുക്ക് നോമ്പുകളും ഉപവാസങ്ങളും മറ്റും ക്രമീകരിച്ചിരിക്കുന്നത് നമ്മുടെ ആത്മീക വർദ്ധനവിനോടൊപ്പം തന്നെ നാം പ്രകൃതിക്കിണങ്ങുന്ന ഭക്ഷണങ്ങൾ കഴിച്ച് അതിലെ ജീവജാലങ്ങളെ കൊന്നൊടുക്കാതെ ജീവിയ്ക്കുവാൻ നമുക്ക് നൽകുന്ന ഒരു അവസരമാണെന്ന് കൂടി നാം ചിന്തിക്കണം. പ്രകൃതി വിഭവങ്ങളെ അനിയന്ത്രിതമായി ചൂഷണം ചെയ്യാതെയും അനേക വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുമ്പോൾ ഒരു വൃക്ഷമെങ്കിലും നട്ടുവളർത്തുകയും, നാശകരമായ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാനുള്ള ശ്രമം ബോധപൂർവ്വം നടത്തുകയും ചെയ്തുകൊണ്ട്, ഭൂമിക്കൊരു തണൽ ഒരുക്കാൻ നമുക്കോരോരുത്തർക്കും ബാദ്ധ്യതയുണ്ട് എന്ന് മനസ്സിലാക്കി. അതിനായി ഒത്തൊരുമയോടെ നമുക്ക് പ്രവർത്തിക്കാം.

എഡിറ്റോറിയൽ ബോർഡ്

## ചെറിയാൻ കോട്ടയിൽ മല്പനാച്ചൻ ഫൗണ്ടേഷൻ

# മലങ്കരയുടെ വാനമ്പാടിയുടെ സ്മരണാർത്ഥം സ്ഥാപിതമായ ചാരിറ്റബിൾ സംഘടന

**- എം. എം. തോമസ് മരവത്ത് (ഫൗണ്ടേഷൻ സെക്രട്ടറി) -**

ìനല്ല ഇടയൻ തന്റെ ആടുകളെ പേർ ചൊല്ലി വിളിയ്ക്കുന്നു. ആടുകൾ അവന്റെ ശബ്ദം തിരിച്ചറിഞ്ഞ് അനുസരിയ്ക്കുന്നുî. മലങ്കര സഭയിലെ ആടുകൾ മുഴുവനും തിരിച്ചറിഞ്ഞ ആ നല്ല ഇടയന്റെ, മൽഫോനോ ചെറിയാൻ കോട്ടയിൽ കശ്ശീശായുടെ 47-ാം ജന്മദിനമാണ് ഈ വരുന്ന ജൂലൈ മാസം 18-ാം തീയതി. ബാലജനസംഖ്യത്തിലൂടെ തന്നിലെ നേതൃഗുണം തെളിയിച്ച, യു.എസ്. എസ്. സ്കോളർഷിപ്പിലൂടെ തന്നിലെ മികവ് പുറത്തെടുത്ത, സൺഡേസ്കൂൾ അഖില മലങ്കര ബൈബിൾ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി ചെറുപ്പത്തിലേ ബൈബിൾ വിജ്ഞാനിയെന്ന് തെളിയിച്ച, ശുശ്രൂഷിയ്ക്കപ്പെടുവാൻ താത്പര്യമില്ലാതെ ശുശ്രൂഷിയ്ക്കുവാൻ ഔത്സുക്യം കാണിച്ച, തൂത്തൂട്ടി ചാപ്പലിന്റെ വളർത്തുപുത്രൻ- കോട്ടയിലച്ചൻ- തന്റെ തന്നെ വരികളിൽ ìസാക്ഷാലിസറായേല്യൻ കാപട്യമശേഷവും തീണ്ടിടാത്തൊരു ശുദ്ധൻî. ഇന്ന് അന്യമായിക്കൊണ്ടിരിയ്ക്കുന്ന, മാതൃകാ പുരോഹിതന്റെ ഉത്തമോദാഹരണം, ദൈവത്തെ കണ്ട ഹൃദയശുദ്ധിയുള്ളവൻ. ëഏകാന്തപഥികൻî എന്ന തന്റെ കവിതയിൽ അദ്ദേഹം ഇങ്ങനെ പ്രവചിച്ചു.

ìഉത്തുംഗ ശൃംഗത്തിലെത്തിയ കാപട്യ<br>
മൊത്തുവാഴാനോ നീ വെമ്പീടുന്നു<br>
പാഴല്ലോ ആയത്നമെന്നൊരു ചിന്തനം<br>
ആഴത്തിൽ നിൻ ഹൃത്തിൽ വേരൂന്നണംî

അതെ... ഈ ലോകത്തിലെ കാപട്യങ്ങളോട് വിട്ടു വീഴ്ച ചെയ്ത് ജീവിയ്ക്കുവാൻ വിളിച്ച് ചേർക്കപ്പെട്ട, ആ ശുശ്രൂഷാ മനോഭാവം നിന്നിലുണ്ടോ എന്ന് നമ്മോട് അന്വേഷിയ്ക്കുന്ന, മൽപ്പാനച്ചൻ. ജീവിച്ചിരുന്നപ്പോൾ



ആരാലും ëവാനമ്പാടിî എന്നു വിളിയ്ക്കപ്പെടാതെ, ആരാലും മൽപ്പാനച്ചൻ എന്ന് വിളിയ്ക്കപ്പെടാതെ, തന്റെ ഗാനങ്ങളും കവിതകളും മറ്റനേകർക്ക് നേട്ടം ഉണ്ടാക്കിയപ്പോഴും അതിലൊന്നും പരിഭവിയ്ക്കാതെ, സ്വന്തം എന്നു കരുതിയ ഇടങ്ങളിൽ അന്യഥാബോധം ഉണ്ടായപ്പോഴും പുഞ്ചിരി തൂകിയ, പാവങ്ങളുടെ തോഴൻ... ചെറിയാൻ കോട്ടയിൽ മല്പാനച്ചൻ... ആ പുണ്യാത്മാവിന്റെ പാവന സ്മരണയെ നിലനിർത്തുവാനായി ആരംഭിച്ചിട്ടുള്ള ചാരിറ്റബിൾ സംഘടനയാണ് ëചെറിയാൻ കോട്ടയിൽ മല്പാനച്ചൻ ഫൗണ്ടേഷൻî. ജാതിമതഭേദമെന്യേ ഈ സംഘടനയിൽ അച്ചനെ സ്നേഹിയ്ക്കുന്ന ആർക്കും അംഗമാകാവുന്നതാണ്. മരുന്ന് വാങ്ങുവാൻ മാർഗ്ഗമില്ലാതെ വിഷമിയ്ക്കുന്ന രോഗികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്ന ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ, അച്ചന്റെ പൂർവ്വ വിദ്യാലയമായ അമയന്നൂർ ഹൈസ്കൂളിൽ ഒരു വിദ്യാഭ്യാസ സെമിനാർ സംഘടിപ്പിയ്ക്കുകയും ആ സ്ക്കൂളിലെ നിർധനരായ വിദ്യാർത്ഥികൾക്ക് പഠനചെലവിനായി 12000/- രൂപ നൽകുകയും, തൂത്തൂട്ടി സി.എം.എസ്. എൽ.പി. സ്കൂളിലെ നിർധനരായ വിദ്യാർത്ഥികൽക്കായി 5,000/-രൂപ നൽകുകയുമുണ്ടായി. അച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് പറമ്പുകര സെന്റ് മേരീസ് സൺഡേ സ്കൂൾ അങ്കണത്തിൽവച്ച് കോട്ടയം ഭദ്രാസനത്തിലെ ഗായക സംഘങ്ങളുടെ ആരാധന സംഗീത മത്സരം നടത്തിയത് അച്ചനോടുള്ള ഫൗണ്ടേഷന്റെ സ്നേഹസമർപ്പണമായിരുന്നു. സുറിയാനി സംഗീത നാദവീചികൾ സൺഡേസ്കൂൾ അങ്കണത്തിലും പരിസരങ്ങളിലും അലയടിച്ചപ്പോൾ, അച്ചന്റെ ആത്മാവ് എന്തുമാത്രം സന്തോഷിച്ചിരിയ്ക്കും! അച്ചന്റെ തന്നെ വരികളോടെ ഉപസംഹരിയ്ക്കുന്നു.

ìജീവിത മരുവതിൽ അലഞ്ഞുതിരിയുമീ<br>
ഏഴകളാകും മക്കൾ വരുന്നു തിരുമുമ്പിൽ<br>
സ്വച്ഛമാം തടാകമേ ഒഴുക്കൂ കുളിർ തണ്ണീർ<br>
വറ്റി വരണ്ടുള്ളൊരീ നാവുകൾ നനപ്പാനായ്î.

# ഭൂമിക്കൊരു തലണലുമായി മണർകാട് യൂത്ത് അസോസിയേഷൻ

മണർകാട്: ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വി.മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഭൂമിക്കൊരു തണൽ പദ്ധതിക്ക് തുടക്കം കുറിച്ചു. ലോകപരിസ്ഥിതി ദിനത്തിൽ പദ്ധതിയുടെ ഉദ്ഘാടനം യൂത്ത് അസോസിയേഷൻ പ്രസിഡന്റ് ഫാ. കുറിയാക്കോസ് കാലായിൽ വൃക്ഷത്തൈകൾ നട്ടുകൊണ്ട് നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായി ഇടവകയുടെ വിവിധ ഭാഗങ്ങളിൽ യൂത്ത് അസോസിയേഷൻ പ്രവർത്തകരും, ഇടവകാംഗങ്ങളും മരങ്ങൾനട്ടുപിടിപ്പിച്ചു. പദ്ധതിയുടെ ഭാഗമായി പരിസ്ഥിതിയും ദൈവശാസ്ത്രവും എന്ന വിഷയത്തിൽ മുൻസെക്രട്ടറി ഫാ. കെ. കെ. തോമസ് കറുകപ്പടി സെമിനാർ നയിച്ചു.

# ഭദ്രാസന യൂത്ത് അസോസിയേഷൻ ഭാരവാഹികൾ

കോട്ടയം: യൂത്ത് അസോസിയേഷൻ ഭദ്രാസനവാർഷിക പൊതുയോഗം ജൂൺ 12-ന് കോട്ടയം സെന്റ് ജോസഫ് കത്തീഡ്രലിൽവെച്ച് നടത്തപ്പെട്ടു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. കുറിയാക്കോസ് പ്ലാംപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കോട്ടയം ഭദ്രസാനാധിപൻ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഭദ്രാസന യൂത്ത് അസോസിയേഷൻ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു. ജോമി കുറിയാക്കോസ് (വൈസ് പ്രസിഡന്റ്), അനിൽ പി. പുന്നൂസ് (സെക്രട്ടറി), അജു മാത്യു, ഫിനു വർഗീസ് (ജോയിന്റ് സെക്രട്ടറി), ജിജോ ഏബ്രഹാം (ട്രഷറാർ), ജോമു വർഗീസ് (കാലാ-കായിക വിഭാഗം), അഖിൽ ജേക്കബ് ജോർജ്, എബിസൺ ജേക്കബ് (ട്രഷറാർ), ഷൈജു സി. ഫിലിപ്പ് (കേന്ദ്രകമ്മിറ്റി) എന്നിവരെ തെരഞ്ഞെടുത്തു.

# യാക്കോബായ സഭ ലോകപരിസ്ഥിതി ദിനം ആചരിച്ചു

കൊച്ചി: യാക്കോബായ സഭ ലോക പരിസ്ഥിതി ദിനാചരണം നടത്തി. പരിസ്ഥിതി സംരക്ഷണം സഭയുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുത്തി സഭാംഗങ്ങൾക്കും സംഘടനകൾക്കും മാർഗനിർദ്ദേശവും അവബോധവും വരുത്തുമെന്ന് ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്താ പറഞ്ഞു. സഭാതല പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വാഴക്കുളം മേരിഗിരി പള്ളിയിൽ ഞാവൽ തൈകൾ നട്ടുകൊണ്ട് സംസാരിക്കുകയായിരുന്നു മെത്രാപ്പോലീത്താ. യാക്കോബായ സഭ വക്താവ് റവ. ഫാ. വർഗീസ് കല്ലാപ്പാറ പ്രസംഗിച്ചു.

# ദുഖ്റോനോ



അഭി. ബെന്യാമിൻ ജോസഫ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത
ജൂൺ 17



പരി. യാക്കൂബ് തൃതിയൻ പാത്രിയർക്കീസ് ബാവാ
ജൂൺ 25



വന്ദ്യ ദിവ്യശ്രീ കുറിയാക്കോസ് കോർ എപ്പിസ്കോപ്പ വെട്ടിക്കുന്നേൽ
ജൂൺ 22



വന്ദ്യ ദിവ്യശ്രീ മാത്യൂസ് പി. ഏലിയാസ് കോർഎപ്പിസ്കോപ്പ പഴയിടത്തുവയലിൽ
ജൂൺ 29

## 40-ാം ചരമദിനം (26.06.2011)



വന്ദ്യ ദിവ്യശ്രീ ഏബ്രഹാം കോർഎപ്പിസ്കോപ്പാ
കരിമ്പനത്തറയിൽ

# സി. ബി. എസ്. ഇ. പത്താംക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A1 നേടി ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾ



അനു തോമസ്
ഒറ്റപ്ലാക്കൽ



ബിനിലാ കെ. കോര
കിഴക്കേടത്ത്



നിഖിൽ ജേക്കബ്
പൈനുങ്കൽ



ഷിൻസു സൂസൻ ഷാജി
ഒറ്റപ്ലാക്കൽ



സൂസൻ തോമസ്
പെരുംചിറയിൽ



സൂസന്ന തോമസ്
പുത്തൻപറമ്പിൽ



ഗ്രാമറ്റം അമ്മ വീട്ടിൽ അഭിവന്ദ്യനായ ബന്യാമിൻ ജോസഫ് മോർ ഒസ്താത്തിയോസ് തിരുമനസ്സിന്റെ അനുസ്മരണ സമ്മേളനത്തിൽ റവ. ഫാ. ജോൺ പുന്നമറ്റം അനുസ്മരണ പ്രഭാഷണം നിർവ്വഹിക്കുന്നു. റവ. ഫാ. എം. ഐ. തോമസ് മറ്റത്തിൽ, റവ. ഫാ. തോമസ് വേങ്കടത്ത്, വെരി. റവ. ആൻഡ്രൂസ് ചിരവത്തറ, വെരി. റവ. കുര്യാക്കോസ് കിഴക്കേടത്ത്, വെരി. റവ. തോമസ് കെ. ഇട്ടി കുന്നത്തയ്യാട്ട് എന്നിവർ സമീപം

## 3-ാം ചരമവാർഷികം
## 13.06.2011



എം. എം. മത്തായി
മുല്ലയ്ക്കൽ

## ആദരാഞ്ജലികൾ



കെ. എം. തോമസ്
കല്ലക്കടമ്പിൽ

സ്വാതന്ത്ര്യ സമര സേനാനിയും, ദീർഘകാലം തിരുവഞ്ചൂർ നോർത്ത് സണ്ടേസ്കൂൾ പ്രധാനാധ്യാപകനുമായി സേവമനുഷ്ഠിച്ച കെ. എം. തോമസ് സാറിന് യൂത്ത് അസോസിയേഷന്റെയും കോലോസുറിയോയോയുടെയും ആദരാഞ്ജലികൾ



റാസൽഖൈമയിലെ മാർ ഗ്രീഗോറിയോസ് പള്ളിയുടെ കൂദാശ പരിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നു. ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവായും മെത്രാപ്പോലീത്തന്മാരും സമീപം

# വിവാഹ ആശംസകൾ



മണർകാട് വെട്ടിക്കുന്നേൽ എം. കെ. കുര്യാക്കോസിന്റെയ മേരിക്കുട്ടി കുര്യാക്കോസിന്റേയും മകൾ സരിതയും കോയമ്പത്തൂർ കുന്നാനിക്കൽ കെ. തോമസിന്റേയും തങ്കമ്മ തോമസിന്റേയും മകൻ പ്രസാദും മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽവെച്ച് വിവാഹിതരായി. അഭി. കുറിയാക്കോസ് മോർ ഐറേനിയസ് ആശീർവ്വദിച്ചു.



നവാഭിഷിക്തനായ യൂത്ത് അസോസിയേഷൻ അംഗം റവ. ഡീക്കൻ നിഥിൻ സി. ഗീവറുഗീസിന് യൂത്ത് അസോസിയേഷൻ പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിൽ ഉപഹാരം നൽകുന്നു.

# വിവാഹ ആശംസകൾ



മാലം പുന്നന്താനത്ത് സി. യു. കുര്യാക്കോസിന്റെയും ശാന്തമ്മ കുര്യാക്കോസിന്റെയും മകൻ ഷിജോയും മാലം പുതിയവീട്ടിൽ പറമ്പിൽ പൗലോസ് പി. എം. ന്റെയും മറിയാമ്മ പൗലോസിന്റെയും മകൾ ചിത്രയും 29/05/2011-ൽ മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽവെച്ച് വിവാഹിതരായി.

# അനുമോദനങ്ങൾ



ഭദ്രാസന യൂത്ത് അസോസിയേഷൻ ജോയിന്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അജു മാത്യു മുണ്ടാനിക്കൽ. യൂത്ത് അസോസിയേഷൻ മണർകാട് യൂണിറ്റ് സെക്രട്ടറിയായി പ്രവർത്തിക്കുന്നു. കീച്ചാൽ സണ്ടേസ്കൂൾ അധ്യാപകനാണ്.



കൊച്ചിൻ യൂണിവേഴ്സിറ്റി (കുസാറ്റ്)യിൽനിന്നും ഇലക്ട്രോണിക്സ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ ബി.ടെക് എൻജിനീയറിങ്ങിൽ രണ്ടാം റാങ്ക് നേടിയ അവിനേഷ് എബ്രഹാം തണ്ടാശ്ശേരി. പറമ്പുകര സണ്ടേസ്കൂൾ അധ്യാപകനാണ്.

# അറിയിപ്പ്

യൂത്ത് അസോസിയേഷന്റെ മുഖപത്രമായ കോലോ സുറിയോയോയുടെ പ്രവർത്തനങ്ങളിൽ ഏവരും സഹകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു. മാസികയിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന വാർത്തകളും ചിത്രങ്ങളും എല്ലാമാസവും 20-ാം തീയതിക്കു മുൻപായി യൂത്ത് അസോസിയേഷൻ ഓഫീസിലോ, യൂത്ത് അസോസിയേഷൻ ഭാരവാഹികളെയോ ഏൽപ്പിക്കേണ്ടതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ സെക്രട്ടറി (അജു മാത്യു മുണ്ടാനിക്കൽ)- 9496464299, എഡിറ്റർ (സുരേഷ് ജോൺ കൈപ്പള്ളിൽ)-9446073942,

e-mail:
editor.kolosuryoyo@gmail.com

# വിവാഹ ആശംസകൾ



മണർകാട് ഓലിക്കര സ്കറിയാ ഉലഹന്നാന്റെയും ശോശാമ്മ സ്കറിയായുടെയും മകൻ സ്കറിയായും (പ്രിൻസും) വടവാതൂർ ചെരുവില വീട്ടിൽ ബേബി കുരുവിളയും മറിയാമ്മ കുരുവിളയുടെയും മകൾ റീനിയും തമ്മിൽ 13/06/2011-ൽ സെന്റ് മേരീസ് കത്തീഡ്രലിൽ വെച്ച് വിവാഹിതരായി.

# പള്ളിക്കൂടത്തിൽനിന്നും പുറത്തുവരുന്നത്...!?

**അനീഷ് ജോസഫ് MA, MSW** (കൗൺസിലർ, ആശ്രയാ സെന്റർ, ഗാന്ധിനഗർ)

ആചാര്യാൽ പാദമാദത്തേ
പാദം ശിഷ്യഃ സ്വമേധയാ
പാദം സബ്രഹ്മചാരിഭ്യ
പാദം കാലക്രമേണ ച

(കാൽഭാഗം ഗുരുവിൽനിന്ന്, കാൽഭാഗം തനിയെ, കാൽഭാഗം സതീർത്ഥ്യരിൽനിന്ന് ശേഷിച്ച കാൽഭാഗം കാലക്രമേണ ജീവിത പരിചയത്തിൽനിന്ന്) അറിവുണ്ടാകുന്ന രീതിയുടെ പഴയൊരു നിർവ്വചനമാണിത്.

ഒരു സമൂഹത്തെ മുഴുവനായി രൂപപ്പെടുത്തിയെടുക്കാൻ പരിശോധനകൾക്കും പരീക്ഷകൾക്കും ശിക്ഷണത്തിനും സാക്ഷിയാകേണ്ടിവരുന്ന പരീക്ഷണശാലകളായി മാറിക്കൊണ്ടിരിക്കുകയാണ് ഓരോ ക്ലാസ്മുറിയും. ഡോ. കോത്താരിയുടെ വിദ്യാഭ്യാസ കമ്മീഷൻ ആരംഭിക്കുന്നതുതന്നെ The destiny of India is being shaped in our classrooms എന്ന വാചകത്താലാണ്. ഒരു സമൂഹത്തിന്റെ ഭാവി അതിന്റെ ക്ലാസ്സ് മുറികളിലാണ് രൂപപ്പെടുന്നത്. അധ്യാപകർ ക്ലാസ്സ് മുറികളിലെ കുട്ടികളെ മാത്രമല്ല പുറത്തെ സമൂഹത്തെയും വാർത്തെടുക്കുകയാണ്. ജീവിത പ്രതിസന്ധികളിൽ എങ്ങനെ വിവേകത്തോടും വിവേചന ബുദ്ധിയോടും കൂടി പ്രവർത്തിക്കാം എന്നും സമൂഹതിന്മകളെ പ്രതിരോധിക്കുന്ന പാഠങ്ങളുമൊക്കെയായിരുന്നു പള്ളിക്കൂടങ്ങൾ പകർന്നു നൽകിയിരുന്നത്. എന്നാൽ ജീവിത പ്രതിസന്ധികളിൽ തണലാകേണ്ട ആ വിദ്യാഭ്യാസ മേഖലതന്നെ പ്രതിസന്ധികളിലൂടെയും പ്രശ്നങ്ങളിലൂടെയും നീങ്ങുന്ന കാഴ്ചയാണ് അനുദിനം കാണാൻ സാധിക്കുന്നത്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം: ഉള്ളിന്റെ ഉള്ളിൽ ഉള്ളതിനെ സർഗാത്മകമായി പുറത്തുകൊണ്ടുവരികയെന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഗ്രീക്ക് ചിന്തകനായ സോക്രട്ടറീസ് വിദ്യാഭ്യാസത്തെക്കുറിച്ച് പറയുന്നത് ìEducation is drawingout what was already inî അറിയപ്പെടാതെ കിടക്കുന്ന കഴിവുകളെ പുറത്തെടുക്കുക. വിദ്യാഭ്യാസം പകർന്നു കൊടുക്കൽ ആശയങ്ങളുടെ ഒരു അടിച്ചേൽപ്പിക്കലല്ല. ചില ചോദനകളെ ഉണർത്തിവിടുകയാണ് ചെയ്യുന്നത്. ഇതിന് ഉത്തമ ബോധ്യം ആവശ്യമാണ്. അവിടെ അറിവിന്റെ സംവേദനവും സമ്പാദനവും നടക്കും. സത്യസന്ധമായി വിദ്യ നേടുകയും തങ്ങളുടെ ഒളിഞ്ഞു കിടക്കുന്ന കഴിവുകളെ കണ്ടെത്തുകയും വികസിപ്പിക്കുകയും അങ്ങനെ പുരോഗതിയിലേക്ക് എത്തുകയുമാണ് വിദ്യാഭ്യാസത്തിലൂടെ ചെയ്യേണ്ടത്. കേവലം അറിവ് സമ്പാദനത്തെക്കാളുപരി അറിയേണ്ടതിനെ നല്ല രീതിയിൽ അറിയുകയും ജീവിതാവസാനംവരെ ജീവിതത്തിന്റെ കർമ്മമണ്ഡലങ്ങളിലെല്ലാം വെളിച്ചം വീശാൻ ഉതകുന്ന തരത്തിൽ ആർജ്ജിക്കേണ്ട ഊർജ്ജസമ്പാദനമാണ് വിദ്യാഭ്യാസകാലഘട്ടത്തിൽ നടക്കേണ്ടത്. പേരെടുക്കുന്നതിൽനിന്നും പേനയുന്തികളിൽനിന്നും വ്യത്യസ്തരായി നിലകൊള്ളുവാൻ, ഈയുരുണ്ട ഭൂമിയിൽ ഉരുണ്ടു വീഴാത്തവരായി, വിട്ടുവീഴകൾക്ക് മുതിരാതെയും, വീഴ്ചകളിൽ തളരാതെയും അനീതികൾക്കെതിരായി പൊരുതുന്നവരായി നിലകൊള്ളുവാൻ വിദ്യാഭ്യാസം ഒരുവനെ പ്രാപ്തനാക്കുമ്പോൾ അത് അതിന്റെ ലക്ഷ്യത്തിലെത്തും. അതുകൊണ്ടാണ് വിദ്യാഭ്യാസമെന്നത് ഒരാൾ ക്ലാസ് മുറികളിൽനിന്ന് നേടിയതെല്ലാം മറക്കുമ്പോൾ അയാളിൽ (ഒരുവനിൽ) ബാക്കിയാവുന്നത് മാത്രമാണെന്ന് പറയുന്നത്.

അധ്യാപനം

സ്വാമി വിവേകാനന്ദൻ പറയുന്നു : ആർക്കും ആരെയും പഠിപ്പിക്കുക സാധ്യമല്ല. അധ്യാപകൻ താൻ പഠിപ്പിക്കുകയാണെന്ന് കരുതി സർവ്വവും താറുമാറാക്കുന്നു. മനുഷ്യന്റെ ഉള്ളിൽ സർവ്വവുമുണ്ട്. അത് ഉണർത്തിവിടുക മാത്രം. അതുമാത്രമേ അധ്യാപകനു പണിയുള്ളൂ. നാലോ അഞ്ചോ ആശയങ്ങൾ മാത്രം സ്വാംശീകരിച്ച് അവയെ നിങ്ങളുടെ പ്രാണനും നിഷ്ഠയുമാക്കിത്തീർക്കാൻ നിങ്ങൾക്ക് കഴിഞ്ഞുവെങ്കിൽ ഒരു ഗ്രന്ഥാലയം മുഴുവൻ ഹൃദിസ്ഥമാക്കിയവനേക്കാൾ കൂടുതൽ വിദ്യാഭ്യാസം നിങ്ങൾക്ക് സിദ്ധിച്ചിട്ടുണ്ട് .

ഗുരുവെന്ന വാക്കിനർത്ഥം ഇരുളിനെ അകറ്റുന്നവൻ എന്നാണ്. കുട്ടികൾക്ക് പ്രകാശമാകുന്നതിനോടൊപ്പം തന്നെ അവരുടെ ഒളിഞ്ഞു കിടക്കുന്ന സർഗ്ഗാത്മവാസനകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഗുരുശിഷ്യബന്ധത്തിന്റെ ആഴവും അർത്ഥവും വിവരിക്കുന്ന മാണിക്യകല്ല് എന്ന ചലച്ചിത്രത്തിൽ ബോർഡിൽ കാർട്ടൂൺ വരച്ച് തന്നെ കളിയാക്കിയ ശിഷ്യനെ ക്ലാസ് മുറിയുടെ മുമ്പിലേക്ക് വിളിക്കുമ്പോൾ നീട്ടിപ്പിടിച്ച കൈയ്യുമായി ശിക്ഷയേറ്റുവാങ്ങാൻ (വിനയചന്ദ്രൻ) മാഷിന്റെ അടുക്കലേയ്ക്ക് വരുന്നു. എന്നാൽ ചൂരൽക്കഷായത്തിനുപകരം നിറക്കൂട്ടുകൾ നൽകി അവന്റെ കലാവാസനയെ പ്രോത്സാഹിപ്പിക്കുകയാണ് അധ്യാപകൻ ചെയ്യുന്നത്.

കുട്ടികളുടെ മുമ്പിൽ അധ്യാപകൻ തന്റെ അറിവ് പ്രകടിപ്പിച്ച് കുട്ടികളുടെ അറിവില്ലായ്മയെ പരീക്ഷിക്കലല്ല വിദ്യാഭ്യാസം, മറിച്ച്, അവർക്ക് എന്തൊക്കെ, എന്തിനെക്കുറിച്ച്, എത്രത്തോളം അറിയാം എന്നുള്ള അന്വേഷണമാണ് ഓരോ ക്ലാസ് മുറികളിലും സംഭവിക്കേണ്ടത്. അല്ലെങ്കിൽ സ്വന്തം ആശയങ്ങൾ അടിച്ചേൽപ്പിക്കുമ്പോൾ ഒരുപക്ഷേ മഹത്തരമായ ആശയങ്ങൾ മൺമറഞ്ഞുപോയേക്കാം.

അധ്യാപനം ശ്രമകരമായൊരു പ്രവൃത്തിയാണ്. പാഠ്യവിഷയങ്ങളെ സർഗാത്മകതയോടെ പഠിപ്പിക്കുകയും വിഷയങ്ങൾ സരളമായി അവതരിപ്പിക്കുകയും കുറഞ്ഞ പക്ഷം ക്ലാസ് മുറിയെ തികഞ്ഞ ശ്രദ്ധയിൽ കൊണ്ടുവരാനും കഴിയണം. കുട്ടികളെ തത്വചിന്തകരാക്കാൻ ശ്രമിക്കാതെ പ്രായോഗിക തലത്തിൽനിന്ന് പഠിപ്പിക്കുകയെന്നതാണ് അധ്യാപനം സുഗമമാക്കാനുള്ള എളുപ്പവഴി.

പരീക്ഷയുടെ ഒരുക്കം

നമ്മുടെ കുട്ടികൾ നടത്തുന്ന പരീക്ഷയുടെ ഒരുക്കം ചിന്തയ്ക്കും ചിരിക്കും വക നൽകുന്നതാണ്. എസ്.എസ്.എൽ.സി., +2 പരീക്ഷകളുടെ കാര്യമെടുത്താൽ (ഇതിനു രണ്ടിനുമാണല്ലോ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ ടെൻഷൻ ഉണ്ടാക്കുന്ന ഒരു കാലഘട്ടം) പരീക്ഷ ആരംഭിക്കുന്നതിന് ഒരാഴ്ചയെങ്കിലും മുമ്പാണ് ശാസ്ത്രീയമായി എങ്ങനെ പഠിക്കാം, പരീക്ഷയെഴുതാം എന്ന് വിദ്യാഭ്യാസ വിചക്ഷണന്മാരോട് ഫോണിൽ സംസാരിച്ച് കാര്യങ്ങൾ ഗ്രഹിക്കുന്നത്. അവർ പറയുന്നതോ

1. പാഠങ്ങൾ അന്നന്ന് പഠിക്കുക.
2. കുറിപ്പുകൾ തയ്യാറാക്കുക.
3. ചർച്ച ചെയ്ത് സംശയനിവാരണം നടത്തുക.
4. ഇടവേള നൽകി പഠിക്കുക.
5. ഘട്ടം ഘട്ടമായി പൂർത്തീകരിക്കുക.

ഈ അവസാന നേരത്ത് ഇതൊക്കെ പരീക്ഷിക്കാൻ പോയാൽ കുട്ടികൾ സമയത്ത് പരീക്ഷ എഴുതില്ല. എങ്ങനെ പഠിക്കണമെന്ന് പഠിക്കാത്തതാണ് നമ്മുടെ കുട്ടികളിൽ പലരും പഠനത്തിൽ മുൻപന്തിയിൽ എത്താത്. മറ്റ് ശാസ്ത്രങ്ങളെപ്പോലെ പഠനവും ഒരു ശാസ്ത്രമാണ്. കലയാണ്. ക്ലാസ്സ് മുറിയിലെ അല്പസമയത്തെ ബോധനം കൊണ്ടുമാത്രം വിദ്യാഭ്യാസം തീരുന്നില്ല. അതുകൊണ്ടാണ് വിദ്യാഭ്യാസത്തോടൊപ്പം സ്വതന്ത്രമായ പഠനവും നടക്കുന്നില്ലെങ്കിൽ പ്രായപൂർത്തി വന്നാലും ശിശു ഏറെക്കുറെ അറിവിന്റെ കാര്യത്തിൽ ശിശുവായിരിക്കും എന്ന് രവീന്ദ്രനാഥ ടാഗോർ പറയുന്നത്.

സംസ്കാരവും സാക്ഷരതയും

അധ്യാപകർ നമ്മുടെ സംസ്കാരത്തിന്റെ രക്ഷിതാക്കളാകുന്നു. അവർ സംസ്കാരത്തെക്കുറിച്ച് കൂടുതൽ അറിയുകയും തങ്ങളുടെ ശിഷ്യന്മാർക്ക് അത് പകർന്നുകൊടുക്കാൻ ആഗ്രഹമുള്ളവരായിരിക്കും വേണം. സംസ്കാരമെന്നത് അറിവും വികാരവും ഇണങ്ങിച്ചേരുന്ന ഒരു മാനസികാവസ്ഥയാകുന്നു. പാലും മുട്ടയും കിട്ടിയിരുന്നെങ്കിൽ പഠനത്തിലും സംസ്കാരത്തിലുമൊക്കെ കുറച്ചുകൂടി മുന്നേറിയേനെ എന്നു പറയുന്ന സാംസ്കാരിക നായകന്മാർ ഉള്ളിടത്തോളം കാലം വിദ്യാഭ്യാസത്തെ ഒരു മൃതസംസ്കാരത്തിലേയ്ക്ക് തള്ളിവിടുകയേ ഉള്ളൂ. പഠിക്കുന്നവരും പഠിപ്പിക്കുന്നവരും എന്നതിനപ്പുറം എല്ലാവരും പഠിപ്പിക്കുന്നവർ ആകുമ്പോഴാണ് വിദ്യാഭ്യാസം ആകുകയും ശരിയാംവണ്ണം ആരംഭിക്കുകയും അതിന്റെ സാംസ്കാരികദൗത്യം നിർവ്വഹിക്കാനാവും വിധം ഉയരുകയും ചെയ്യുന്നത്.

സാക്ഷരത മാത്രമല്ല വിദ്യാഭ്യാസത്തിന്റെ കാതലായ കാര്യം എന്ന് ഊന്നിപ്പറയുമ്പോഴും അത് പരമപ്രധാനമാണെന്ന് അമർത്യാസെൻ ചൂണ്ടിക്കാണിക്കുന്നു. മനുഷ്യർ സ്വീകർത്താക്കാളെന്ന നിലയ്ക്കല്ലാതെയും സ്വയം കണ്ടെത്തുന്നവരെന്ന നിലയ്ക്ക് തങ്ങളുടെ ജീവിതത്തിനു രൂപം കൊടുത്ത സമൂഹിക സാംസ്കാരിക യാഥാർത്ഥ്യങ്ങളെക്കുറിച്ചും അതിൽ പ്രവർത്തിക്കുന്നതിൽ തങ്ങളുടെ കഴിവിനെക്കുറിച്ച് ആഴത്തിലുള്ള അറിവു നേടുന്ന പ്രക്രിയയാണ് യഥാർത്ഥം സാക്ഷരത. ഇതു സാധ്യമാക്കുന്ന വിദ്യാഭ്യാസപദ്ധതിയാണ് സമാന്യജനതയെ സംബന്ധിച്ചിടത്തോളം യഥാർത്ഥ വിദ്യാഭ്യാസം. എന്നാൽ ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസം കുട്ടികളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വർഷങ്ങൾ കവർന്നെടുക്കുക മാത്രമല്ല, വിദ്യാഭ്യാസം തന്നെ ഏറെ ചിലവുള്ള വ്യവസായമായി മാറി. തൊഴിൽവേതനമായി തൊഴിലാളികൾക്ക് ലഭിച്ച വരുമാനം മക്കളുടെ വിദ്യാഭ്യാസച്ചെലവിനായി തിരിച്ചുപിടിക്കപ്പെട്ടു.

വെല്ലുവിളികൾ

വിദ്യാഭ്യാസം ഗൗരവപൂർവ്വം കാണേണ്ട മേഖലയാണെന്ന തിരിച്ചറിവ് എവിടെയോ നഷ്ടപ്പെട്ടിരിക്കുന്നു. ഇനിയുള്ള കാലങ്ങളിൽ വിദ്യാഭ്യാസത്തിൽ കുട്ടികളേക്കാൾ വെല്ലുവിളികൾ നേരിടുന്നത് അധ്യാപകരും മാതാപിതാക്കളുമാണ്. അവർ എന്ത് പഠിക്കുന്നു? എങ്ങനെ പഠിക്കുന്നു? എന്നതിൽ ശ്രദ്ധ പതിക്കുമ്പോൾ തന്നെ എന്ത് ചിന്തിക്കുന്നു? എങ്ങനെ ചിന്തിക്കുന്നു എന്ന് മനസ്സിലാക്കേണ്ടതുണ്ട്. പ്രൊഫ എം. എൻ. വിജയൻ മാഷ് നിരീക്ഷിക്കുന്നതുപോലെ കുഴിയിൽ വീണ കുട്ടിയാനയെ ഏത് കോഴ്സിനാണ് ഒരുക്കേണ്ടത് എന്ന് സമൂഹം തീരുമാനിക്കും. ദേവനെ എഴുന്നള്ളിക്കാനോ, കൂപ്പുകാരനു തടിപിടിക്കാനോ, ടൂറിസ്റ്റിനെ വണങ്ങാനോ അവനെ മെരുക്കിയെടുക്കാം. ഇന്റേണൽ അസസ്മെന്റുകൾ, ഹാജർ ശതമാനങ്ങൾ, കരുക്കുലം, സിലബസുകൾ എന്നിവ കൊണ്ടും യുവജനങ്ങൾക്ക് തോട്ടിയും വടിയും തീർക്കാം

ഇന്നത്തെ കേരളീയ സമൂഹം ഇന്നലത്തെ ക്ലാസ്മുറിയിൽ പാലും മുട്ടയും തിന്ന് രൂപപ്പെട്ടതാണെങ്കിൽ നമുക്കാ ക്ലാസ്മുറികളെയും അധ്യാപകരേയും കുറ്റപ്പെടുത്തുകതന്നെ വേണം. ഇവരെ ഭാവിസമൂഹം കെട്ടിപ്പടുക്കാനേൽപ്പിക്കണമോ എന്നുമാലോചിക്കണം. കാരണം കലോത്സവങ്ങളിൽ പ്രതിഭ തെളിയിക്കുന്നവർ തുടർന്ന് ആ മേഖലയിൽ ഉപരിപഠനം നടത്തുകയല്ല. ഡോക്ടറോ, എൻജിനീയറോ ആവുകയാണ്. ഇവരൊക്കെ പ്രവർത്തിക്കുന്ന മേഖലയുടെ കാര്യവും പരിതാപകരംതന്നെ. അധ്യാപകർ പകർന്നുകൊടുക്കുന്ന അറിവ് വിദ്യാർത്ഥികൾ സ്വീകരിക്കുന്നുണ്ടെന്നും അത് അവരെ കൂടുതൽ തിരിച്ചറിവുകളിലേക്ക് നയിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണം. അറിവുണ്ടെന്ന് സ്വയം കരുതുന്ന കുറച്ചുപേർ ഒന്നുമറിയാത്തവരെന്ന് തങ്ങൾ കരുതുന്ന കുറച്ചുപേർക്ക് നൽകുന്ന പാരിതോഷികമായി അറിവിനെ കരുതുന്നവരാണ്. ഈ വിദ്യാഭ്യാസ രീതി മാറണം.

സ്കൂൾ സോഷ്യൽ വർക്ക്

കുട്ടികളുടെ സ്വഭാവരൂപീകരണത്തിലും പ്രശ്നപരിഹാരത്തിലും സ്കൂൾ സോഷ്യൽ വർക്കർ സവിശേഷമായ പങ്ക് വഹിക്കുന്നുണ്ട്. സ്കൂളുകളിൽ അധ്യാപകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കുമിടയിൽ ഒരു മദ്ധ്യവർത്തിയായി

*(ശേഷം പേജ് 7-ൽ)*

# അനുമോദനയോഗം

മണർകാട് സെൻട്രൽ സണ്ടേ സ്കൂളിന്റെ സംയുക്ത അനുമോദനയോഗം നടത്തപ്പെട്ടു. കോർ എപ്പിസ്കോപ്പാ സ്ഥാനം ലഭിച്ച വെരി. റവ. ആൻഡ്രൂസ് ചിരവത്തറ, ശെമ്മാശപട്ടം സ്വീകരിച്ച ഡീക്കൻ നിധിൻ സി ഗീവർഗീസ്, +2, 10-ാം ക്ലാസ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ സണ്ടേസ്കൂൾ വിദ്യാർത്ഥികൾ എന്നിവരെ യോഗത്തിൽ അനുമോദിച്ചു. റവ. ഫാ. എം. ഐ. തോമസ് മറ്റത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗം സെന്റ്മേരീസ് കോളജ് മുൻ പ്രിൻസിപ്പൽ കെ. എം. വർഗീസ് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ സണ്ടേ സ്കൂൾ പ്രതിനിധി എം. എം. തോമസ് മരവത്ത്, സൺഡേ സ്കൂൾ ഇൻസ്പെക്ടർ സജീവ് മാത്യു മറ്റത്തിൽ, സണ്ടേസ്കൂൾ ഭദ്രാസന സെക്രട്ടറി എം. ഐ. ഏബ്രഹാം മറ്റത്തിൽ, ഹെഡ്മാസ്റ്റർ എം. പി. ജേക്കബ് മണ്ണൂപ്പറമ്പിൽ, വർഗീസ് ഫിലിപ്പോസ് വൈശ്യപ്പറമ്പിൽ, തോമസ് സാമുവൽ പുത്തൻപറമ്പിൽ എന്നിവർ പ്രസംഗിച്ചു. വന്ദ്യ ചിരവത്തറ ആൻഡ്രൂസ് കോർ എപ്പിസ്കോപ്പാ, ഡീക്കൻ നിഥിൻ വാലയിൽ, വിദ്യാർത്ഥികൾക്കുവേണ്ടി ബിനിലാ കെ. കോര എന്നിവർ മറുപടി പ്രസംഗം നടത്തി.

# വാർഷികവും അനുമോദനവും

പത്താഴക്കുഴി വിശുദ്ധ മർത്ത മറിയം സണ്ടേസ്കൂളിന്റെയും പ്രാർത്ഥനായോഗത്തിന്റെയും വനിതാസമാജത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സുവിശേഷമഹായോഗവും വാർഷികവും നടത്തപ്പെട്ടു.

ജൂൺ 9-ന് വൈകിട്ട് 6.30-ന് റവ. ഫാ. മാത്യൂസ് വടക്കേടത്ത് സുവിശേഷ യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് റവ. ഫാ. ജിബി വാഴൂർ സുവിശേഷ പ്രസംഗം നടത്തി. 10-ന് വൈകിട്ട് 7-ന് സി. കെ. ഏബ്രഹാം മാലം , 11-ന് റവ. ഡീക്കൻ സേവേറിയോസ് എന്നിവർ പ്രസംഗിച്ചു. 12-ാം തീയതി ഞായറാഴ്ച നടന്ന വാർഷിക സമ്മേളനത്തിൽ റവ. ഫാ. തോമസ് കറുകപ്പടി അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ വെരി. റവ. ആൻഡ്രൂസ് ചിരവത്തറ കോർഎപ്പിസ്ക്കോപ്പായെ അനുമോദിച്ചു. സണ്ടേസ്കൂൾ പ്രതിനിധി എം. എം. തോമസ് മരവത്ത്, സണ്ടേസ്കൂൾ ഭദ്രാസന സെക്രട്ടറി എം. ഐ. ഏബ്രഹാം മറ്റത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.

# വാർഷികം നടത്തി

മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാങ്ങാനം സണ്ടേസ്കൂളിൽ വാർഷികം നടത്തപ്പെട്ടു.

റവ. ഫാ. എം. ഐ. തോമസ് മറ്റത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സണ്ടേസ്കൂൾ പ്രതിനിധി സജീവ് മാത്യു മറ്റത്തിൽ, മാത്യു തോമസ്, സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ എം. കെ. കുര്യൻ മറ്റത്തിൽ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം വിദ്യാർത്ഥികൾക്ക് സമ്മാനദാനം ബഹു. അച്ചൻ നിർവ്വഹിച്ചു.



യൂത്ത് അസോസിയേഷൻ അംഗം അലക്സ് വരച്ച ചിത്രം

# അനുശോചിച്ചു

## സീനിയർ സിറ്റിസൺ ഫോറം

മണർകാട്: വന്ദ്യ ഏബ്രഹാം കോർഎപ്പിസ്കോപ്പാ കരിമ്പനത്തറയുടെ ദേഹവിയോഗത്തിൽ മണർകാട് സെന്റ്മേരീസ് കത്തീഡ്രൽ സീനിയർ സിറ്റിസൺ ഫോറം അനുശോചനം രേഖപ്പെടുത്തി.

## സെന്റ് മേരീസ് കോളേജ്

മാലം: കോളേജ് മുൻ മാനേജരും മണർകാട് പള്ളി സഹ വികാരിയുമായ വന്ദ്യ ഏബ്രഹാം കോർ എപ്പിസ്കോപ്പാ കരിമ്പനത്തറയുടെ ദേഹവിയോഗത്തിൽ മണർകാട് സെന്റ് മേരീസ് കോളജ് അനുശോചിച്ചു. കോളേജ് മാനേജർ വന്ദ്യ ആൻഡ്രൂസ് ചിരവത്തറ കോർഎപ്പിസ്കോപ്പാ, കോളേജ് പ്രിൻസിപ്പൽ അന്നാ ജോൺ, കോളേജ് സെക്രട്ടറി തുടങ്ങിയവർ പ്രസംഗിച്ചു.

## കുഴിപ്പുരയിടം പ്രാർത്ഥനായോഗം

കുഴിപ്പുരയിടം വടക്കുഭാഗം വിശുദ്ധ മർത്തമറിയം പ്രാർത്ഥനായോഗം രക്ഷാധികാരിയും മണർകാട് പള്ളി സഹവികാരിയുമായ വന്ദ്യ ഏബ്രഹാം കോർഎപ്പിസ്കോപ്പാ കരിമ്പനത്തറയുടെ നിര്യാണത്തിൽ പ്രാർത്ഥനായോഗം അനുശോചിച്ചു. റവ. ഫാ. എം. ഐ. തോമസ് മറ്റത്തിൽ, റവ. ഫാ. വിജി എടാട്ട്, വി. എൻ. വാസവൻ, ബാബു കെ. കോര എന്നിവർ പ്രസംഗിച്ചു.

# പള്ളിക്കൂടത്തിൽനിന്നും...

*(പേജ് 6-ൽ നിന്നും)*

സോഷ്യൽ വർക്കർ പ്രവർത്തിക്കുന്നു. ഒപ്പം കൗൺസിലിങ്ങിലൂടെ കുട്ടികളുടെ ബൗദ്ധികവും, വ്യക്തിത്വവികസനത്തിനുതകുന്നതുമായ നിർദ്ദേശങ്ങൾ നൽകുകയും, കുട്ടികളുടെ സ്വഭാവ സവിശേഷതകളെയും, വീടുകളിലെ അന്തരീക്ഷത്തെപ്പറ്റി അധ്യാപകരുമായി ചർച്ച നടത്തുകയും ചെയ്യുന്നു. പഠനത്തോടോപ്പം കുട്ടികളുടെ സമഗ്രവളർച്ചയ്ക്കായി എല്ലാം തുറന്നു പറയാവുന്ന ഒരു നല്ല സുഹൃത്തിനെപോലെയാണ് സോഷ്യൽ വർക്കർ പ്രവർത്തിക്കേണ്ടത്. സ്കൂൾ-വീട് എന്നുള്ള വിടവ് ഇല്ലാതാക്കുന്നു. പഠനവൈകല്യങ്ങളും പൊരുത്തക്കേടുകളും കണ്ടെത്തി അവയെ സ്വയം നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുകയും ഉൾക്കാഴ്ച പകർന്നു നൽകുകയും ചെയ്യുക എന്നതാണ് സ്കൂൾ സോഷ്യൽ വർക്കർ ലക്ഷ്യം വയ്ക്കുന്നത്.

പാഠപുസ്തകങ്ങളുടെയും ബൃഹത്തായ നിഘണ്ടുവിന്റെയും വിവരങ്ങൾക്കിടയിൽമാത്രം ഒതുങ്ങിനിൽക്കാതെ തിരിച്ചറിവുകളും നല്ല നല്ല കാഴ്ചപ്പാടുകളും വിശകലനങ്ങളും വികസിക്കുമ്പോഴാണ് പുതിയ കാലത്തെ അധ്യാപകരും വിദ്യാർത്ഥികളും രൂപപ്പെടുന്നത്. കളയും വിളയും വേർതിരിച്ച് ശരിയും തെറ്റും തിരിച്ചറിഞ്ഞ് അടിയും വടിയുമില്ലാതെ ഗുരുനാഥന്മാരുടെ ഒരു നിമിഷത്തെ പുഞ്ചിരി, ശാസന എല്ലാം കുട്ടികളുടെ ജീവിതത്തിലെ വഴിത്തിരിവായേക്കാം. അധ്യാപകർ പഠിപ്പിക്കുന്നവരും, കുട്ടികൾ പഠിക്കുന്നവരും എന്ന വ്യത്യാസത്തിൽ നിന്ന് എല്ലാവരും പഠിക്കുന്നവർ എന്ന തലത്തിലേയ്ക്ക് നമ്മുടെ പള്ളിക്കൂടങ്ങൾ ഉയരണം. എങ്കിലും അധ്യാപകരും ഇമ്പോസിഷൻ എഴുതുന്ന കാലത്തിലേയ്ക്കൊന്നും കാര്യങ്ങൾ എത്താതിരിക്കട്ടെ.

ആചാര്യദേവോ ഭവഃ

# പൊതുവാർഷികം

*(പേജ് 1-ൽ നിന്നും)*

സ്കൂളിന്റെ ഉപഹാരം വന്ദ്യ കോർഎപ്പിസ്കോപ്പാ അച്ചന് സമർപ്പിക്കുകയുണ്ടായി. മണർകാട് ഡിസ്ട്രിക്ട് സണ്ടേസ്കൂൾ പ്രസ്ഥാനത്തോട് ഏറെ കടപ്പാടും സ്നേഹവുമുണ്ടെന്നും തന്റെ ആത്മീയ ജീവിതം എന്നും സണ്ടേസ്കൂൾ പ്രസ്ഥാനവുമായി ബന്ധപ്പെട്ടതാണെന്നും വന്ദ്യ കോർഎപ്പിസ്കോപ്പാ അച്ചൻ മറുപടി പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി.

ഇടവക വികാരി വന്ദ്യദിവ്യശ്രീ ഈ. ടി. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാദർ മാത്യു എം. ബാബു വടക്കെപറമ്പിൽ, ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോസി അട്ടച്ചിറ, എം. ജെ. എസ്. എസ്. എ. അഖിലമലങ്കര സെക്രട്ടറി ശ്രീ ബേബി മാത്തറ പള്ളി സെക്രട്ടറി റെജി ഏബ്രഹാം തണ്ടാശ്ശേരിൽ, സണ്ടേസ്കൂൾ ഇൻസ്പെക്ടർ സജീവ് മാത്യു മറ്റത്തിൽ, സണ്ടേസ്കൂൾ പ്രതിനിധി എം. എം. തോമസ് മരവത്ത് എന്നിവർ പ്രസംഗിച്ചു. പള്ളിയുടെ വിവിധ കരകളിലേക്ക് വാഹനസൗകര്യം ക്രമീകരിച്ചതിനാൽ നൂറുകണക്കിന് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൃത്യസമയത്തുതന്നെ പരിപാടിയിൽ സംബന്ധിക്കുവാൻ സാധിച്ചു. ഡിസ്ട്രിക്ട് ഭദ്രാസന, അഖിലമലങ്കര തലങ്ങളിൽ പാഠ്യപാഠ്യേതര മത്സരങ്ങളിൽ സമ്മാനർഹരായ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും സണ്ടേസ്കൂളുകൾക്കുമുള്ള പാരിതോഷികങ്ങൾ അഭിവന്ദ്യ തിരുമനസ്സുകൊണ്ട് നൽകി.

# ആംസ്റ്റർഡാമിൽ സുറിയാനിസഭയ്ക്ക് പുതിയ ദൈവാലയം

നെതർലാന്റ്: യാക്കോബായ സുറിയാനി സഭയുടെ മധ്യയൂറോപ്പ് ഇടവകയുടെ ആഭിമുഖ്യത്തിൽ നെതർലാന്റിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമിൽ പുതിയ ദേവാലയം ആരംഭിച്ചു. വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ ദൈവാലയത്തിൽ ജൂൺ 5-ന് റവ.ഫാ. പ്രിൻസ് മണ്ണത്തൂർ വിശുദ്ധകുർബ്ബാന അർപ്പിച്ചു. നെതർലന്റിന്റെ വിവിധഭാഗങ്ങളിൽനിന്ന് അനേക വിശ്വാസികൾ വിശുദ്ധകുർബ്ബാനയിൽ സംബന്ധിച്ചു. മാസത്തിലെ എല്ലാ ഞായറാഴ്ചയും വിശുദ്ധ കുർബ്ബാന അർപ്പിക്കുവാനുള്ള ക്രമീകരണം ചെയ്തുവരുന്നു. വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 003932022556291

*കടപ്പാട്: വിശ്വാസസംരക്ഷകൻ*

# മരിയൻ ന്യൂസ് പ്രകാശനം ചെയ്തു

മാലം: മണർകാട് സെന്റ് മേരീസ് കോളേജിൽനിന്നും ആദ്യമായി പുറത്തിറക്കിയ ന്യൂസ് ലെറ്റർ 'മരിയൻ ന്യൂസ്' മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റീസ് കെ. റ്റി. തോമസ് പ്രകാശനം ചെയ്തു. കോളേജിൽ നടന്ന വിവിധ പ്രവർത്തനങ്ങളുടെ സചിത്ര വിവരണങ്ങളും വാർത്തകളും അടങ്ങിയതാണ് ന്യൂസ് ലെറ്റർ. യോഗത്തിൽ മാനേജർ വെരി. റവ. ആൻഡ്രൂസ് കോർ എപ്പിസ്കോപ്പാ ചിരവത്തറ, പ്രിൻസിപ്പൽ അന്നാ ജോൺ, പ്രൊഫ. ജോർജ് കെ. പീറ്റർ തുടങ്ങിയവർ പ്രസംഗിച്ചു.

# പരിശുദ്ധ സുന്നഹദോസ് സമാപിച്ചു



യാക്കോബായ സുറിയാനി സഭയുടെ പ്രാദേശിക സുന്നഹദോസ് ജൂൺ 2, 3, 4 തീയതികളിൽ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ മഹനീയ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. സഭയിലെ 27 മെത്രാപ്പോലീത്തന്മാർ സുന്നഹദോസിൽ സംബന്ധിച്ചു. ആത്മീയ പ്രസ്ഥാനങ്ങൾക്ക് പുതിയ മെത്രാപ്പോലീത്തന്മാരെ ചുമതലപ്പെടുത്തി. സണ്ടേസ്കൂൾ പ്രസ്ഥാനത്തിന് അഭി. കുര്യാക്കോസ് മോർ ദീയസ്കോറസ്, വിദ്യാർത്ഥി പ്രസ്ഥാനം അഭി. കുര്യാക്കോസ് മോർ തെയോഫീലോസ്, യൂത്ത് അസോസിയേഷൻ അഭി. മാത്യൂസ് മോർ തേവോദോസിയോസ്, വനിതാ സമാജം അഭി. കുര്യാക്കോസ് മോർ യൗസേബിയോസ് എന്നിവരെ തെരഞ്ഞെടുത്തു.



മണർകാട് സെൻട്രൽ സണ്ടേസ്കൂളിൽ വന്ദ്യ ആൻഡ്രൂസ് ചിരവത്തറ കോർഎപ്പിസ്കോപ്പായ്ക്ക് നൽകിയ അനുമോദനത്തിൽ റവ. ഫാ. എം. ഐ. തോമസ് മറ്റത്തിൽ സണ്ടേസ്കൂളിന്റെ ഉപഹാരം വന്ദ്യ കോർഎപ്പിസ്കോപ്പാ അച്ചന് നൽകുന്നു. പ്രൊഫ. കെ. എം. വറുഗീസ്, റവ. ഡീക്കൻ നിഥിൻ വാലയിൽ, എം. എം. തോമസ് മരവത്ത്, ഹെഡ്മാസ്റ്റർ എം. പി. ജേക്കബ് മണ്ണൂപ്പറമ്പിൽ തുടങ്ങിയവർ സമീപം

## വിവാഹ ആശംസകൾ



മണർകാട് വെള്ളാപ്പള്ളിൽ വി. കെ. അന്ത്രയോസിന്റെയും അന്നമ്മ അന്ത്രയോസിന്റെയും മകൻ അരുണും മൂലവട്ടം കവണശ്ശേരിൽ കെ. കെ. തോമസിന്റെയും മറിയാമ്മ തോമസിന്റെയും മകൾ പ്രിൻസിയും 29/05/2011-ൽ മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽവെച്ച് വിവാഹിതരായി. അരുൺ യൂത്ത് അസോസിയേഷൻ മുൻ സെക്രട്ടറിയാണ്.







Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam